മലയാളം ന്യൂസ് ● 1182 തുലാം 13 ●

### ഇന്ദിരാ വിരോധം ഉറിയിൽ തൂക്കിയ ആന്റണിക്ക് പ്രായോഗിക രാഷ്ട്രീയത്തിന് നോബൽ സമ്മാനം ഉണ്ടായിരുന്നെങ്കിൽ അതും കിട്ടിയേനെ.

# അടുത്ത പ്രധാനമന്ത്രി മലയാളി



മധുനായർ, ന്യൂയോർക്ക്

അടിയന്തരാവസ്ഥക്കാലത്ത് ഗുവാഹതിയിൽ വെച്ചുനടന്ന എ.ഐ.സി.സി സമ്മേളനത്തിൽ എ.കെ. ആന്റണി നിർഭയനായി സഞ്ജയ് ഗാന്ധിയുടെ ജനാധിപത്യ ധ്വംസന ചെയ്തികളെ വിമർശിച്ചു. ഇന്ദിരാ ഗാന്ധി ഇന്ത്യയിൽ ജനാധിപത്യം കൊന്നുകുഴിച്ചുമൂടി കുടുംബാധിപത്യം സ്ഥാപിക്കുന്നുവെന്നും ഇങ്ങനെ പോയാൽ ഭാവിപ്രധാനമന്ത്രിയായി അന്നു പിഞ്ചുബാലനായിരുന്ന രാഹുൽ ഗാന്ധിയെ പ്രതീക്ഷിക്കാമെന്നും ആന്റണി തുറന്നടിച്ചതായിട്ടായിരുന്നു ന്യൂസ് ലീക്കുകൾ. പത്രങ്ങൾ വാർത്തയാക്കാൻ ഭയന്ന പ്രസംഗം ആന്റണി ജയിലിലാകാൻ കാരണമായേക്കുമെന്നും പലരും ഭയന്നു. ഏതോ ഒരു ഉൾവിളിയുടെ ബലത്തിൽ ഇന്ദിരാ ഗാന്ധി എമർജൻസി റദ്ദാക്കി. പിന്നെ നടന്ന തെരഞ്ഞെടുപ്പിൽ ഇന്ദിരാ ഗാന്ധിക്ക് ചിക്മംഗളൂരിൽ സ്ഥാനാർഥിത്വം നൽകിയെന്ന കാരണത്താൽ മുഖ്യമന്ത്രിസ്ഥാനം പോലും രാജിവെക്കുവാൻ ആന്റണി തയാറായി. അത്രക്കുണ്ടായിരുന്നു എ.കെ. ആന്റണിയുടെ ഇന്ദിരാ വിരോധം. ഇന്നിതാ ഇന്ദിരാ മരുമകൾ സോണിയയുടെ ഏറ്റവും പ്രിയങ്കരനായി ആന്റണി മാറിയിരിക്കുന്നു. കഴിഞ്ഞ മന്ത്രിസഭാ വികസനം പുതിയ പ്രതിരോധ മന്ത്രിയായി അറയ്ക്കൽ പറമ്പിൽ കുര്യൻ ആന്റണി അവരോധിക്കപ്പെട്ടതു കൊണ്ടു മാത്രം വലിയ വാർത്തയായി. ആന്റണി ലേബർ മന്ത്രിയാകുന്നുവെന്ന് ഹിന്ദു പത്രം റിപ്പോർട്ട് ചെയ്തിരുന്നു. പ്രതിരോധമന്ത്രിപട്ടം ആന്റണിക്ക് നൽകുന്ന വിവരം സോണിയാ ഗാന്ധി ഗോപ്യമായി സൂക്ഷിച്ചത് ദുരൂഹതയ്ക്കിടം നൽകുന്നു.

പ്രതിരോധമന്ത്രി കാര്യാലയം വി.കെ. കൃഷ്ണമേനോൻ കയ്യാളിയെങ്കിലും അവസാനം അനഭിമതനായി അദ്ദേഹത്തിനു കാബിനറ്റിൽനിന്നും പുറത്തുപോകേണ്ടിവന്നു. പിന്നെ വന്നവരാരും ആന്റണിയേക്കാൾ കേമന്മാരെന്നു പറയാൻ വയ്യ. ബംഗ്ലാദേശ് യുദ്ധകാലത്ത് ജഗജീവൻ റാം പ്രഗൽഭമായ രീതിയിൽ വകുപ്പു കൈകാര്യം ചെയ്തു. അമേരിക്കയുടെ ഏഴാം കപ്പൽപ്പടയല്ല എഴുപതാം കപ്പൽപ്പട എത്തിയാലും ഇന്ത്യക്ക് പുല്ലാണ് എന്ന അദ്ദേഹത്തിന്റെ ജൽപനം കൈയ്യടി വാങ്ങിയതും ചരിത്രം. എ.കെ. ആന്റണിക്ക് ജഗജീവൻ റാമിനോളമോ കൂടുതലോ ഭരണപാടവം ഉണ്ടെന്നും വാദിക്കാം.

ദേശീയ ബജറ്റിൽ സിംഹഭാഗവും ചെലവഴിക്കപ്പെടുന്ന പ്രതിരോധ വകുപ്പിൽ അഴിമതിക്കുള്ള സാധ്യതകൾ വിശാലമാണ്. കുപ്രസിദ്ധമായ ബോഫോഴ്സ് ഇടപാട് രാജീവ് ഗാന്ധിയുടെ പ്രധാനമന്ത്രിപദം തെറിപ്പിച്ചു. കുശാഗ്രബുദ്ധിയുള്ള ജോർജ് ഫെർണാണ്ടസ് കുടുങ്ങിയിരിക്കുന്നത് ശവപ്പെട്ടികൾ വാങ്ങിയതിലുള്ള ക്രമക്കേടുകളിലാണ്. പ്രതിരോധ വകുപ്പിനെ പാർട്ടി ഫണ്ടിലേക്കുള്ള കറവപ്പശുവാക്കിത്തീർത്തത് ഇന്ദിരാ ഗാന്ധിയുടെ കാലം മുതൽക്കാണെന്ന് കാണാം. ബക്കറ്റ് പിരിവ് സാധ്യമാകാത്ത ഒരു പാർട്ടിയുടെ ചെലവുകൾ കോടിക്കണക്കി നാവു മ്പോൾ സംശുദ്ധഭരണം കേട്ടുകേൾവി മാത്രമാകുന്നു. അഴിമതിയുടെ കറപുരളാത്ത തന്റെ പ്രതിഛാ യ പ്രതിരോധിക്കുന്നതാകും പ്രതിരോധമന്ത്രി ആന്റണിയുടെ പ്രധാന വെല്ലുവിളി.

കുശാഗ്ര ബുദ്ധിയുള്ള രാഷ്ട്രീയക്കാരനെന്നതിലുപരി ഭരണാധികാരിയെന്ന നിലയിൽ വിമർശനങ്ങളാണ് ആന്റണിക്ക് കൂടുതൽ നേരിടേണ്ടിവന്നിട്ടുള്ളത്. മുഖ്യമന്ത്രിയെന്ന നിലയിൽ ചാരായ നിരോധനം നടപ്പിലാക്കിയതും അഴിമതി വാതിലുകളടച്ച് സ്വാശ്രയ കോളേജുകൾ അനുവദിച്ചതും സർക്കാർ ജീവനക്കാരെ നിലയ്ക്കു നിർത്തിയതും ധീരനടപടികളായിരുന്നെങ്കിലും മാധ്യമങ്ങൾ പ്രകീർത്തിക്കു പകരം ആക്ഷേപങ്ങളാണ് ചൊരിഞ്ഞത്. സ്വൽപമെങ്കിലും കഴമ്പുള്ള പരാതി ആന്റണിയുടെ ഉന്നത ഉദ്യോഗസ്ഥ വൃന്ദങ്ങളോടുള്ള വിധേയത്വമാണ്. അനുഭവങ്ങളിൽനിന്നു പാഠം പഠിക്കുവാൻ ശങ്കയില്ലായെന്നു തുറന്നു പറഞ്ഞിട്ടുള്ള ആന്റണിക്ക് പുതിയ കേന്ദ്രമന്ത്രിപദം അവസരങ്ങൾ നൽകുന്നു. യുദ്ധമില്ലാക്കാലത്ത് എണ്ണത്തിൽ ലോകത്തിലെ രണ്ടാം സ്ഥാനമുള്ള സൈനിക മാനവശേഷി ക്രിയാത്മകമാക്കുവാൻ പുതിയനയ രൂപീകരണം തന്നെ വേണ്ടിവന്നേക്കും. ഒന്നാം സ്ഥാനം അലങ്കരിക്കുന്ന ചൈനീസ് മോഡലിന് ഇന്ത്യ യിലും പ്രസക്തിയുണ്ട്. ചൈനയിൽ സൈനികരിൽ പകുതിയിലധികം ഫാക്ടറികളിൽ പണിയെടുക്കുന്നുവെന്നാണ് കേൾവി. പണ്ട് കൃഷ്ണമേനോൻ ഓർഡ്നൻസ് ഫാക്ടറികളിൽ കളിക്കോപ്പുകൾ നിർമിക്കുവാൻ പ്ലാനിട്ടത് നിശിത വിമർശനങ്ങൾക്ക് ഇടവരുത്തി. കാലം മാറി ഇത് ആഗോളവത്കരണത്തിന്റെ യുഗമാണ്. ആന്റണിക്കിതു മനസ്സിലായാൽ നാട്ടിന്റെ വളർച്ചാനിരക്ക് രണ്ടക്കങ്ങളിലാകുവാൻ അമാന്തമുണ്ടാവില്ല.

പ്രതിരോധ വകുപ്പു വിടുവാൻ പ്രണബ് മുഖർജി വളരെ വിസമ്മതനായിരുന്നുവെന്നാണറിയുന്നത്. പാന്റ്സ് പോലും ധരിക്കാത്ത ആന്റണിക്ക് വിദേശകാര്യ വകുപ്പ് ഭൂഷണമാകില്ലായെന്ന് സോണിയാ ഗാന്ധിക്കറിയാം. ആന്റണിയെ കേന്ദ്രമന്ത്രിസഭയിലെ അത്യുന്നതങ്ങളിൽ പ്രതിഷ്ഠിച്ചേ അടങ്ങൂ എന്ന സോണിയാ വാശിയുടെ ഫലമാണ് പ്രതിരോധ മന്ത്രിസ്ഥാനം. ആഭ്യന്തര വകുപ്പിൽനിന്നും മാറ്റി പ്രതിരോധം നൽകണമെന്ന് ശിവരാജ് പാട്ടീലും താണുകേണപേക്ഷിച്ചുവെന്നും വാർത്തയുണ്ട്.

ഇതൊക്കെ അവഗണിച്ച് ആന്റണിക്കുവേണ്ടിമാത്രം മന്ത്രിസഭാ വികസനമുണ്ടായതിൽ ഒരു സോണിയ സ്ട്രാറ്റജി ദൃശ്യമാണ്. അടുത്ത തവണയും കോൺഗ്രസിന് മന്ത്രിസഭയുണ്ടാക്കേണ്ട അവസരം വന്നാലും സോണിയ പ്രധാനമന്ത്രി കസേരയിലിരിക്കില്ലായെന്നത് വ്യക്തമാണ്. മകൻ രാഹുലിന് രാഷ്ട്രീയ പക്വത വരുവാൻ കാലമേറെയെടുക്കും. മൻമോഹൻ സിംഗിനെപ്പോലൊരു ക്ലീൻ ഇമേജുള്ള വിധേയനെ സോണിയ കണ്ടെത്തിയിരിക്കുന്നത് എ.കെ. ആന്റണിയിലാ കാം. പ്രതിരോധ മന്ത്രിയായി ആർജവം നേടുന്ന ആന്റണി സോണിയയുടെ കരങ്ങളെ ബലപ്പെടുത്തും.

മലയാളികൾക്ക് ഇതിൽപരം ആഹ്ലാദം നൽകുന്ന കാര്യമുണ്ടാകുമോ? അടുത്തൊരു നൂറ്റാണ്ടിൽ ഇങ്ങനെയൊരവസരം ഉണ്ടാകണമെന്നില്ല. ഇന്ദിരാ വിരോധം ഉറിയിൽ തൂക്കിയ ആന്റണിക്ക് പ്രായോഗിക രാഷ്ട്രീയത്തിന് നോബൽ സമ്മാനം ഉണ്ടായിരുന്നെങ്കിൽ അതും കിട്ടിയേനെ. അതോടൊപ്പം ഓർക്കേണ്ടയൊരു കാര്യം രാഹുൽ ഗാന്ധിയെ പ്രധാന മന്ത്രിയാക്കുവാൻ ആന്റണി നിമിത്തമായാൽ അറംപറ്റുന്നത് രാഷ്ട്രീയത്തിലുമാകാമെന്നതാണ്.